**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6732** **11-07-2024 - ൽ മറുപടിയ്ക്ക്**

**തസ്തിക നിർണ്ണയം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയം സമയബന്ധിതമായി പൂർത്തിയാകാത്തതിനാൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിന് കാലതാമസം നേരിടുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തസ്തിക നിർണ്ണയം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. 2023-24 അദ്ധ്യയന വർഷത്തെ അധിക തസ്തികകൾ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. അധിക തസ്തികകൾ അനുവദിക്കുന്ന മുറയ്ക്ക് നിയമാനുസൃതമായി ഒഴിവുകൾ പി.എസ്.സി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | 2022-23, 2023-24 അധ്യയന വർഷങ്ങളിൽ സർക്കാർ സ്കൂളുകളിൽ തസ്തിക നിർണ്ണയം നടത്തിയത് പ്രകാരം അനുവദിക്കുന്ന അധിക തസ്തികകളിൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | 2022-23 അധ്യയന വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം അനുവദിച്ച അധിക തസ്തികകളിൽ നിയമനാനുപാത പ്രകാരമുള്ള തസ്തികകൾ പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യുകയും, റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ നിയമന ശിപാർശ ലഭ്യമായത് പ്രകാരം നിയമന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 ൽ തസ്തിക നിർണ്ണയ പ്രകാരം അധിക തസ്തിക അനുവദിക്കുന്ന നടപടി സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. |
| (സി) | 2022-23, 2023-24 അധ്യയന വർഷങ്ങളിൽ സർക്കാർ വിദ്യാലയങ്ങളിലെ തസ്തിക നിർണയം വഴി വയനാട് ജില്ലയിൽ എത്ര പുതിയ തസ്തികകൾക്ക് അംഗീകാരം നല്കാനാവുമെന്ന് എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികകൾ തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ? | (സി) | 2022-23, 2023-24 അധ്യയന വർഷങ്ങളിൽ സർക്കാർ വിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയം വഴി വയനാട് ജില്ലയിൽ അംഗീകാരം നൽകിയ എൽ.പി/ യു.പി. അസിസ്റ്റന്റ് തസ്തികകൾ തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.<br>2022-23<br>എൽ.പി - 35<br>യു.പി - 20<br>2023-24<br>എൽ.പി - 7<br>യു.പി - 19 |

സെക്ഷൻ ഓഫീസർ